**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

എൻ.സി.സി വകുപ്പ് - അഡീഷണൽ ഡയറക്ടർ ജനറലിന് പുതിയ വാഹനം വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(കൈ) നമ്പർ.**171**/2018/ഉവിവ. തീയതി, തിരുവനന്തപുരം, **20.07.2018**

---

പരാമർശം:- എൻ.സി.സി. വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ 30.10.2017, 5.4.2018 തീയതികളിലെ 8935/P2-Pub/2017/NCC നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

എൻ.സി.സി. വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ ഉപയോഗിച്ചുവരുന്ന വാഹനം (Volswagen Vento) സാങ്കേതിക തകരാറുമൂലം ദൂര യാത്രകളിൽ ഇടയ്ക്കിടയ്ക്ക് സ്റ്റിയറിംഗ് ലോക്ക് ആകുകയും ഇന്ധന ക്ഷമതയില്ലാത്ത ടി വാഹനത്തിന്റെ നിരന്തരമായുള്ള സാങ്കേതിക പ്രശ്നങ്ങൾ കാരണം ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ, മേജർ ജനറൽ റാങ്കിലുള്ള ഉയർന്ന പട്ടാള ഉദ്യോഗസ്ഥൻ എന്ന നിലയിൽ എൻ.സി.സി. വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറലിനുവേണ്ടി Toyota Innova (Crysta 2.4) വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകണമെന്ന് പരാമർശ പ്രകാരം അഭ്യർത്ഥിക്കുകയും അംഗീകൃത ഡീലറിൽ നിന്നുമുള്ള 13,00,960/- രൂപയുടെ ഇൻവോയ്സ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഫ്ലാഗ് റോഡ്, സ്റ്റാർ ബോക്സ് തുടങ്ങിയവ വാഹനത്തിൽ ഘടിപ്പിക്കുന്നതിനായി 50,000/- രൂപ അധികമായി വേണ്ടിവരുമെന്നും അറിയിച്ചിട്ടുണ്ട്. പി.ഡബ്ല്യു.ഡി. തിരുവനന്തപുരം മെക്കാനിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രസ്തുത വാഹനം പരിശോധിക്കുകയും വാഹനത്തിന് സാങ്കേതിക തകരാർ ഉണ്ടെന്ന വസ്തുത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, എൻ.സി.സി. വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ ഉപയോഗത്തിനായി ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി പുതിയ ടയോട്ട ഇന്നോവ (ക്രിസ്റ്റ-2.4 ബേസ് മോഡൽ) വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

....2.

i) പുതിയ വാഹനം വാങ്ങുന്നത് GEM വഴിയായിരിക്കണം.

ii) നിലവിൽ ഉപയോഗിച്ചുവരുന്ന വാഹനം കൃത്യമായ നടപടിക്രമങ്ങൾ പാലിച്ച് കണ്ടം ചെയ്യേണ്ടതാണ്.

iii) നിലവിലെ ഡ്രൈവറുടെ സേവനം തന്നെ പുതിയ വാഹനത്തിനും ഉപയോഗപ്രദമാക്കേണ്ടതാണ്.

3. ഈ ഇനത്തിലുള്ള ചെലവ് "2204-00-102-99-21-1 (NP)" ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ. ഷാജഹാൻ**

സെക്രട്ടറി

അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി., തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
ധനകാര്യവകുപ്പ് (28.5.2018 ലെ EDN-B2/46/2018/Fin പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
www.highereducation.kerala.gov.in
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ